**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **12-02-2025 - ൽ മറുപടിയ്ക്ക്**

**മഴുവന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മഴുവന്നൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | മഴുവന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മുഖേന 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആൾട്ടറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്ലാൻ ഫണ്ട് 2021-22 ൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ കുന്നുകര വില്ലേജിന് സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് നൽകിയ ഭരണാനുമതി കുന്നത്തുനാട് താലൂക്കിലെ മഴുവന്നൂർ വില്ലേജിന് മാറ്റി നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ആൾട്ടറേഷൻ പ്രൊപ്പോസൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊപ്പോസലും കൂടാതെ വിവിധ കോണുകളിൽനിന്നും ലഭ്യമായ അപേക്ഷകളും കണക്കിലെടുത്ത് കുന്നുകര വില്ലേജിന് ലഭ്യമായ ഭരണാനുമതി കടുങ്ങല്ലൂർ വില്ലേജിന് മാറ്റി നൽകുകയുണ്ടായി. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അവശേഷിച്ച വില്ലേജുകൾക്ക് മുൻഗണന നൽകി സ്മാർട്ടാക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പറവൂർ താലൂക്കിലെ കുന്നുകര വില്ലേജിന് പകരം കുന്നത്തുനാട് താലൂക്കിലെ മഴുവന്നൂർ വില്ലേജ് ഓഫീസിന് കെട്ടിടത്തിനായി ഡിസിഇകെഎം/6381/2021-എ8 തീയതി 04.09.2022 പ്രകാരം എറണാകുളം ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (സി) | (ബി) യുടെ മറുപടി |
| (ഡി) | പ്രസ്തുത ആൾട്ടറേഷൻ പ്രൊപ്പോസലിന് അംഗീകാരം വേഗത്തിൽ നൽകി മഴുവന്നൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ? | (ഡി) | (ബി) യുടെ മറുപടി |

സെക്ഷൻ ഓഫീസർ